ഇരുകക്ഷികൾ തമ്മിലുണ്ടായ സംഭാഷണത്തിന്റെ അകംപൊരുൾ। റൂഹ് വിശദീകരിയ്ക്കുന്ന ശിർക് | വി.ഖുർആൻ | അൽ കഹ്ഫ് | റൂഹിന്റെ കാണാപ്പുറങ്ങൾ (3)

അള്ളാഹു പറഞ്ഞു:
അൽ കഹ്ഫ്: 32
وَٱضْرِبْ لَهُم مَّثَلًا رَّجُلَيْنِ
നീ അവർക്ക് രണ്ടാളുകളുടെ മസ്ല്/ഉദാഹരണം പറഞ്ഞുകൊടുക്കുക:
രണ്ടുപേർ തമ്മിലുള്ള സംഭാഷണവും അതിലൂടെ ചുരുളഴിയുന്ന ഒരു ചരിത്ര സംഭവവുമാണ് ഈ ഉദാഹരണത്തിലെ വിഷയം. അത്, മുഹമ്മദു നബി (സ)യുടെ ഉമ്മത്തിനു ഗുണപാഠമാകാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. അതിന്റെ ആഖ്യാനം അള്ളാഹുവിന്റെ ഹിക്മത്തിന്റെ സൗകുമാര്യം പ്രകടമാക്കുന്നു.
രണ്ടു പേരിലൊരാൾക്കു് അള്ളാഹു ഫലസമൃദ്ധിയാൽ അനുഗ്രഹിയ്ക്കപ്പെട്ട ദൃശ്യവും അദൃശ്യവുമായ രണ്ടു മുന്തിരിത്തോട്ടങ്ങൾ നൽകി. കൂടാതെ അയാൾക്ക് അധികാരബലവും സമ്മാനിച്ചു. സമ്പത്തും അധികാരവും അയാളെ ഗർവ്വിഷ്ഠനാക്കി. അയാൾ ആഖിറമെന്ന അദൃശ്യ തോട്ടത്തെ ഉപേക്ഷിച്ചു്, ലൗകിക തോട്ടത്തെ പുൽകി. അങ്ങനെ ശിർക്കനിഷ്ഠിച്ചു. തനിയ്ക്ക് സന്മാർഗ്ഗം ഉപദേശിച്ച ദരിദ്രനായ സുഹൃത്തിനെ അധമനായി കണ്ടു. സുഹൃത്തു് പറഞ്ഞു അള്ളാഹു നിന്റെ തോട്ടത്തെ നശിപ്പിച്ചേയ്ക്കാം. എനിയ്ക്കു് ഇതിനെക്കാൾ ഖൈറായ തോട്ടം നൽകിയേയ്ക്കാം. സുഹൃത്തിന്റെ പ്രവചനം വരും തലമുറയ്ക്കു് ഗുണപാഠമൊരുക്കുന്ന ചരിത്ര സത്യമായി.

സൂറത്തു കഹ്ഫിൽ 32 മുതൽ 46 വരെയുള്ള ആയത്തുകളിലാണു് പ്രസ്തുത ഉദാഹരണം.

അൽകഹ്ഫ് : 32

وَٱضْرِبْ لَهُم مَّثَلًا رَّجُلَيْنِ جَعَلْنَا لِأَحَدِهِمَا جَنَّتَيْنِ مِنْ أَعْنَٰبٍ وَحَفَفْنَٰهُمَا بِنَخْلٍ وَجَعَلْنَا بَيْنَهُمَا زَرْعًا ۝

നീ അവർക്ക് രണ്ടാളുകളുടെ ഉദാഹരണം പറഞ്ഞുകൊടുക്കുക: അവരിലൊരാൾക്ക് നാം രണ്ടു മുന്തിരിത്തോട്ടങ്ങൾ നൽകി . അവയ്ക്കു ചുറ്റും ഈന്തപ്പനകൾ വളർത്തി. അവയ്ക്കിടയിൽ ധാന്യകൃഷിയിടവും ഉണ്ടാക്കി.

1. മസ്ലും 'ഇൽമും

Islamic Epistemology Channel

അല്ലാഹുവിനു പങ്കുകാരെ ചേർക്കൽ/ശിർക്ക്, കർമ്മങ്ങളെ നിഷ്ഫലമാക്കുമെന്ന പാഠം മുഹമ്മദു നബി(സ)യെ അല്ലാഹു സുബു. പഠിപ്പിയ്ക്കുന്നു. അതു്, റൂഹിലേറിയുള്ള ജ്ഞാനയാത്രയിൽ അവിടുത്തെ നഫ്സ്സിന് ലഭിച്ച അകം ദർശനമാണു്. ആ ആന്തരിക ജ്ഞാനത്തെ വിശ്വാസികൾക്കായി ഒരു മസ്ലിലൂടെ/ ഉദാഹരണത്തിലൂടെ വിശദമാക്കിക്കൊടുക്കുവാൻ അല്ലാഹു കല്പിയ്ക്കുകയും ആ ഉദാഹരണത്തെ സൂറ അൽ കഹ്ഫിലെ ഏതാനും ആയത്തുകളിലൂടെ അവതരിപ്പിയ്ക്കുകയും ചെയ്തിരിയ്ക്കുന്നു. അല്ലാഹുവിന്റെ 'ഇൽമിന്റെ ബാഹ്യാവിഷ്ക്കാരം സമയാധിഷ്ടിത യുക്തിജ്ഞാനമായ ഹിക്മത്താണ്. ഹിക്മത്തിനെ അല്ലാഹു പഠിപ്പിയ്ക്കുന്നതു് മസ്ലുകളിലൂടെയാണ്. മസ്ലുകൾ 'ഇൽമിന്റെ ഭൗതിക പ്രതിരൂപങ്ങളാണ്. അവയുടെ ബയാൻ ബോധമണ്ഡലത്തിൽ ഉളവാക്കുന്ന ചിന്തയുടെ അലകൾ സൗന്ദര്യാസ്വാദന ക്ഷമതയെ അനന്തതകളിലേയ്ക്കുയർത്തുന്നു. ആ പാരസ്പര്യം സത്യ വിശ്വാസിയെ തഖ്വയുടെ തലത്തിൽ നിന്ന് ഇഹ്സാനിലെത്തിയ്ക്കുന്നു. അല്ലാഹു പറഞ്ഞു:

അൽമുൽക്ക് : 2

ٱلَّذِى خَلَقَ ٱلْمَوْتَ وَٱلْحَيَوٰةَ لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلًا ۚ وَهُوَ ٱلْعَزِيزُ ٱلْغَفُورُ

മരണവും ജീവിതവും സൃഷ്ടിച്ചവൻ. കർമ്മ നിർവഹണത്തിൽ നിങ്ങളിലേറ്റം മികച്ചവരാരെന്ന് പരീക്ഷിക്കാനാണത്. അവൻ അജയ്യനാണ്. ഏറെ മാപ്പേകുന്നവനും.

**2.** റൂഹെന്ന 'ഇൽമിന്റെ അദൃശ്യ മാധ്യമം

അല്ലാഹു മുഹമ്മദു നബി(സ)യുടെ റൂഹിനെ അവിടുത്തെ നഫ്സ്സിന്റെ വാഹനമാക്കി. ആ ജ്ഞാനയാത്രയിൽ, രണ്ടു ഘട്ടങ്ങളിലായി ഇരു ലോകങ്ങളിലെ രണ്ടു സമയക്രമങ്ങളിലുള്ള/ഖദ്റിലെ, തന്റെ പ്രതാപിയായ സുഹൃത്തിന്റെ പതനത്തെ നൂറിന്റെ സമയാതീത തലത്തിൽ നിന്നു കൊണ്ടു് നബി അവർകൾ(സ) ദർശിച്ചു.

**3.** രണ്ടു കക്ഷികൾ

സംവാദത്തിലേർപ്പെട്ട രണ്ടു പേരും കർഷകരായ സുഹൃത്തുക്കളാണു്. ഒരാൾ പ്രമാണിയാണു്. അയാൾക്കു് സമ്പത്തും അധികാരവുമുണ്ടു്. രണ്ടാമൻ ദരിദ്രനും ആൾബലമില്ലാത്തവനും. പ്രമാണിയായ കർഷകനു് അല്ലാഹു സുബു. രണ്ടു മുന്തിരി തോട്ടങ്ങൾ സമ്മാനിച്ചിരുന്നു. അവയുടെ അതിരുകളിൽ ഈന്തപ്പന

Islamic Epistemology Channel

വൃക്ഷങ്ങളെ വളർത്തിയിരുന്നു. രണ്ടിനുമിടയ്ക്കു ധാന്യക്കൃഷിയ്ക്കുള്ള വയലുമുണ്ടായിരുന്നു.

**4.** രണ്ടു മുന്തിരിത്തോട്ടങ്ങൾ

ഇരട്ടത്തോപ്പുകൾ ലൗകിക-ആത്മീയ വിളവെടുപ്പുകൾക്കു മനുഷ്യനെ സജ്ജമാക്കുന്ന ഇരുലോകങ്ങളെ കുറിയ്ക്കുന്നു. ഭൗതിക ലോകത്തുള്ള മുന്തിരിത്തോട്ടം മനസ്സുമായി ബന്ധപ്പെട്ട വൈകാരിക പ്രപഞ്ചത്തെയും ഈന്തപ്പന വൃക്ഷങ്ങൾ ബുദ്ധിയുമായി ബന്ധപ്പെട്ട യുക്തി / വിചാര പ്രപഞ്ചത്തെയും ധാന്യക്കൃഷി സ്മരണയുമായി ബന്ധപ്പെട്ട വിജ്ഞാന പ്രപഞ്ചത്തെയും പ്രതിനിധാനം ചെയ്യുന്നു. ആത്മീയ/ ആന്തരിക ലോകത്തുള്ള മുന്തിരിത്തോട്ടം ഈമാനിക / അസ്ഥിരമായ ഭക്തി പ്രപഞ്ചത്തെയും ഈന്തപ്പന വൃക്ഷങ്ങൾ തഖ്വ/ സ്ഥിരതയുള്ള സൂക്ഷ്മ ഭക്തിയുടെ സംരക്ഷണ കവചത്തെയും ധാന്യക്കൃഷിയിടം ഫുവാദെന്ന ആന്തരിക സ്മരണയുമായി ബന്ധപ്പെട്ട ഇൽമ്/ആത്മീയ ജ്ഞാന പ്രപഞ്ചത്തെയും പ്രതിനിധാനം ചെയ്യുന്നു.

**5.** തോട്ടങ്ങളുടെ ഘടനയും നഫുസ്സിന്റെ പ്രകൃതവും

തോട്ടങ്ങളുടെ ഘടന നഫുസ്സിന്റെ പ്രകൃതത്തെ കുറിയ്ക്കുന്നു. സമ്പന്നനായ കർഷകന്റെ മുഖ്യ വിള മുന്തിരിയാണ്. മുന്തിരി വള്ളി വൈകാരികത മുന്നിട്ടു നിൽക്കുന്ന ഭൗതിക സത്തയുടെ പ്രതീകമാണ്. ചുറ്റിനുമുള്ള ഈന്തപ്പനകൾ മനസ്സിന്റെ ഇച്ഛകളെ/വൈകാരികതയെ സംരക്ഷിയ്ക്കുന്ന ബൗദ്ധിക തലത്തെ പ്രതിനിധീകരിയ്ക്കുന്നു. അവയ്ക്കിടയിലെ ധാന്യകൃഷിയിടം വികാരത്തിനും ചിന്തയ്ക്കുമിടയിൽ ഞെരുങ്ങിപ്പോയ ജ്ഞാനതലത്തെ സൂചിപ്പിയ്ക്കുന്നു.

**6.** പന്തലും വൃക്ഷവും

മുന്തിരി വിളയെ താങ്ങി നിർത്തുന്നതു് ദുർബ്ബലമായ മനുഷ്യ നിർമ്മിത പന്തൽ ആണ്. വൈകാരിക ശരീരത്തെ താങ്ങുന്ന നഫുസ്സ്/ ആത്മീയ ശരീരം കൃത്രിമ പന്തൽ പോലെ ക്ഷയോന്മുഖമാണ്. ആകയാൽ ശക്തമായ കാറ്റിൽ നിലം പൊത്തും.

എന്നാൽ, പന്തൽ പോലെ ദുർബ്ബലമല്ല വൃക്ഷം. അതു് തഖ്വയിൽ അടിയുറച്ച നഫുസ്സിന്റെ പ്രതീകമാണ്. ആ നഫുസ്സ് ദുർബ്ബല ഭൗതിക സത്തയ്ക്ക് താങ്ങും തണലുമാകും-വൃക്ഷത്തെ ചുറ്റിയ വള്ളി സംരക്ഷിയ്ക്കപ്പെടുന്ന പോലെ.

**7.** ഉപരിപ്ലവമായ ദാർശനികത

നേർത്ത പുറം തൊലിയുള്ള മുന്തിരി ഫലം ഉപരിപ്ലവമായ വൈകാരിക ജ്ഞാനത്തെ കുറിയ്ക്കുന്നു. അതു് ക്ഷണികമായ ശീഘ്ര ഊർജ്ജം പ്രദാനം ചെയ്യുന്നതു പോലെ അതു പ്രതിനിധാനം ചെയ്യുന്ന ദാർശനികത അസ്ഥിര

Islamic Epistemology Channel

ഈമാനിനെ  പ്രദാനം ചെയ്യുന്നു.  ക്രൈസ്തവ ദാർശനികതയിലേയ്ക്കാണു് ഇതു വിരൽ ചൂണ്ടുന്നതു്. ഇൽമിനെ മുൻകടന്നു് ബാഹ്യ നേത്രങ്ങളുടെ സാക്ഷ്യത്തിനു സാധൂത കല്പിയ്ക്കുന്ന ദർശനമായാണു് ഇസ്ലാം കൃസ്തീയ ദാർശനികതയെ കാണുന്നതു്. റൂഹുമായി ബന്ധപ്പെട്ട അദൃശ്യ ആത്മീയ സത്യത്തിനു മേൽ ബാഹ്യ ആപേക്ഷിക ജ്ഞാനത്തെ പ്രതിഷ്ഠിയ്ക്കുന്നതു മൂലമാണു് ഈ ദാർശനികത നഫുസ്സിനെ അശക്തമായ താങ്ങു പന്തലാക്കുന്നതു്. ആ ദാർശനികതയുടെ പ്രതിനിധിയാണു്  ഈ ഉദാഹരണത്തിലെ സമ്പന്ന കർഷകൻ.

**8. ഒരു കുറവുമില്ലാതെയുള്ള ഉല്പാദനം**
**അൽകഹ്ഫ് : 33**

كِلْتَا ٱلْجَنَّتَيْنِ ءَاتَتْ أُكُلَهَا وَلَمْ تَظْلِم مِّنْهُ شَيْـًٔا ۚ وَفَجَّرْنَا خِلَٰلَهُمَا نَهَرًا

രണ്ടു തോട്ടങ്ങളും ധാരാളം വിളവുൽപാദിപ്പിച്ചു. അതിലൊരു കുറവും ഉണ്ടായില്ല. അവയ്ക്കിടയിലൂടെ നാം പുഴ ഒഴുക്കുകയും ചെയ്തു.

വെവ്വേറെ വേറിട്ടു നില്ക്കുന്ന രണ്ടു തോട്ടങ്ങളാണ് അള്ളാഹു സുബ്ഹ്. സമ്പന്നന്റെ സമുദായത്തിനു് സമ്മാനിച്ചതു്. ഇതിനു കാരണം, അവരിൽ ആത്മീയ-ഭൗതിക സത്തകൾ രണ്ടായി വിഭജിയ്ക്കപ്പെട്ടിരിയ്ക്കുന്നു എന്നതാണ്. ആത്മീയ ശരീരത്തിനു  മേൽ ഭൗതികാധിപത്യം നിലനില്ക്കുമ്പോഴാണ് ഇപ്രകാരം നഫുസ്സ് രണ്ടായി പിരിയുന്നതു്. എന്നാൽ ആത്മീയത/നൂർ/ഈമാൻ ഭൗതികതയെ നയിയ്ക്കുമ്പോൾ ഇരു ശരീരങ്ങൾ ഐക്യപ്പെട്ട് ഒന്നാകുന്നു. അള്ളാഹു സുബ്ഹ്.യുടെ ഹിദായത്ത് / മാർഗ്ഗ ദർശനം ആത്മീയ ശരീരത്തിനുള്ളതാണ്. അതിലൂടെ ലൗകിക ജീവിതത്തിനു  മാർഗ്ഗ ദർശനം ലഭിയ്ക്കുന്നു. ആത്മീയ മാർഗ്ഗ ദർശനത്തെ കൈവെടിഞ്ഞു് ഊഹാപോഹങ്ങളെ പിൻപറ്റിയതിനാൽ ക്രൈസ്തവർക്കു് വിഘടിച്ചു നില്ക്കുന്ന ശരീരങ്ങളും അവയ്ക്കാവശ്യമായ ബാഹ്യ ആന്തരിക ലോകങ്ങളുമാണ് നല്കപ്പെട്ടതു്. മാത്രവുമല്ല, അള്ളാഹു രണ്ടിനെയും പരമാവധി വർദ്ധിപ്പിച്ചു നൽകി. ഈ ആയത്തു്  അതിറങ്ങിയ കാലത്തുണ്ടായിരുന്ന അജയ്യമെന്ന് തോന്നിപ്പിച്ച റോമാ സാമ്രാജ്യത്തെയും അതിലൂടെ പടർന്നു പന്തലിച്ച ക്രൈസ്തവ സഭയെയും കുറിയ്ക്കുന്നു.

അള്ളാഹുവിന്റെ റഹ്മത്തിന്റെ പുഴ ഉൽഭവിയ്ക്കുന്നതു് നഫുസ്സിൽ നിന്നാണു് അഥവ ആത്മീയ ലോകത്തു നിന്നാണു്. അതിന്റെ സ്വാഭാവിക ഒഴുക്ക് അള്ളാഹുവിനെ സുജൂദു ചെയ്യുന്ന താണനിലമായ വിനയാന്വിത ഭൗതിക സത്തയിലേയ്ക്കാണു്/ ലോകത്തേയ്ക്കാണു്. ഖൽബിൽ നിന്ന് മനസ്സുൾപ്പെടുന്ന അഖലിലേയ്ക്കാണ്/ബോധ മണ്ഡലത്തിലേയ്ക്കാണ്. അതു് ശാന്തി പകരുന്നു. ഇരുലോകങ്ങൾ/ബാഹ്യ ആന്തരിക ലോകങ്ങളും അതോടെ സമ്പന്നമാകുന്നു.

Islamic Epistemology Channel

റോമ സാമ്രാജ്യത്തിന്റെ സമൃദ്ധി മുഹമ്മദു നബി(സ)യുടെ കാലം വരെയും തുടർന്നു. വി.ഖുർആൻ അവതരിച്ചതോടെ ക്രൈസ്തവർ പിന്തുടർന്നിരുന്ന ദർശനത്തിനാധാരാമായ സംഭവത്തിന്റെ നിജസ്ഥിതി അള്ളാഹു വെളിപ്പെടുത്തിക്കൊടുത്തു. ഭൗതിക പ്രതാപത്തിന്റെ ഉച്ചകോടിയിൽ ആർമ്മാദിച്ചിരുന്ന ഇവരുടെ ഗർവ്വിനു് പക്ഷേ, സത്യത്തെ ഉൾക്കൊള്ളുവാൻ കഴിയുമായിരുന്നില്ല.

**അൽകഹ്ഫ് : 34**

وَكَانَ لَهُۥ ثَمَرٌ فَقَالَ لِصَٰحِبِهِۦ وَهُوَ يُحَاوِرُهُۥٓ أَنَا۠ أَكْثَرُ مِنكَ مَالًا وَأَعَزُّ نَفَرًا

കർഷകന് നല്ല ഫലസമ്പത്തുണ്ടായി. അപ്പോൾ അയാൾ തന്റെ കൂട്ടുകാരനോട് സംസാരിക്കവെ പറഞ്ഞു: ''ഞാനാണ് നിന്നെക്കാൾ സമ്പത്തും സംഘബലവുമുള്ളവൻ.''
മുഹമ്മദു നബി(സ)യുടെ സത്യമാർഗ്ഗത്തിലേയ്ക്കുള്ള ക്ഷണത്തെ (ഇത്തരുണത്തിൽ രാജ്യാധികാരികൾക്കു് നബി(സ) അയച്ച കത്തുകളെ ഓർക്കുക) സാമ്രാജ്യങ്ങൾ അടക്കിവാണിരുന്ന ക്രൈസ്തവ സമുദായം ദാർഷ്ട്യത്തോടെ അവഗണിച്ചതിനെ ഈ ആയത്തു് സൂചിപ്പിയ്ക്കുന്നു. സമ്പൽ സമൃദ്ധിയും വൻ അധികാരവുമുള്ള അവരെ നേരായ മാർഗ്ഗം പഠിപ്പിയ്ക്കുവാൻ ദരിദ്രനായ നബി അവർകൾ യോഗ്യനല്ലയെന്ന വ്യംഗ്യമാണു് സുഹൃത്തിന്റെ സംസാരത്തിൽ നിഴലിയ്ക്കുന്നതു്.

**അൽകഹ്ഫ് : 35**

وَدَخَلَ جَنَّتَهُۥ وَهُوَ ظَالِمٌ لِّنَفْسِهِۦ قَالَ مَآ أَظُنُّ أَن تَبِيدَ هَٰذِهِۦٓ أَبَدًا

അങ്ങനെ ആത്മദ്രോഹിയായി അയാൾ തന്റെ തോട്ടത്തിൽ പ്രവേശിച്ചു. അയാൾ പറഞ്ഞു: ''ഇതൊന്നും ഒരിക്കലും നശിച്ചുപോകുമെന്ന് ഞാൻ കരുതുന്നില്ല.
നബി(സ)യെ തിരസ്ക്കരിയ്ക്കുന്നയാൾ തന്റെ നഫുസ്സിനെ നാശത്തിലേയ്ക്കു തള്ളി വിടുന്നു. നഫുസ്സ്/ആത്മാവ് അകന്ന് മാറിയ ഭൗതിക ശരീരത്തിനു ഇപ്പോൾ ഭൗതിക ലോകം മാത്രമേയുള്ളു. ചുരുങ്ങിപ്പോയ ആ ലൗകിക ജീവിതത്തിൽ ആ സമുദായ പ്രതിനിധി അഹന്തയോടെ വിഹരിച്ചു.

**അൽകഹ്ഫ് : 36**

وَمَآ أَظُنُّ ٱلسَّاعَةَ قَآئِمَةً وَلَئِن رُّدِدتُّ إِلَىٰ رَبِّى لَأَجِدَنَّ خَيْرًا مِّنْهَا مُنقَلَبًا

Islamic Epistemology Channel

''അന്ത്യനാൾ വന്നെത്തുമെന്നും ഞാൻ കരുതുന്നില്ല. അഥവാ, എനിക്കെന്റെ നാഥന്റെ അടുത്തേക്ക് തിരിച്ചുചെല്ലേണ്ടി വന്നാൽ തന്നെ, അവിടെ ഇതിനെക്കാൾ മെച്ചപ്പെട്ട ഇടമെനിക്കു ലഭിക്കും.''

തങ്ങളുടെ സാമ്രാജ്യ ശക്തി ഒരുനാൾ അന്ത്യം കാണുമെന്നു് അവർക്കു് ഊഹിയ്ക്കുവാൻ പോലും കഴിയുമായിരുന്നില്ല. അതിനാൽ അവർ അന്ത്യനാളിനെയും വിധിദിനത്തിനെയും തള്ളിപ്പറഞ്ഞു. ക്രൈസ്തവതയെ ദത്തെടുത്ത പുരാതന റോമൻ മതത്തിന്റെ വിശ്വാസമാണിവിടെ പ്രകടമാവുന്നതു്. പടിഞ്ഞാറൻ ക്രൈസ്തവത ലൗകികതയിൽ മുഴുകി സെക്യുലറിസമെന്ന ദൈവ നിരാസത്തിലെത്തിപ്പെടുമെന്ന സൂചന കൂടിയാണു് ഈ ആയത്തുകളിലുള്ളതു്. യേശുവിലുള്ള വിശ്വാസം ഒന്നു കൊണ്ടു മാത്രം തങ്ങൾ രക്ഷ പ്രാപിയ്ക്കുമെന്നു് അവർ വിശ്വസിച്ചു. പാപങ്ങൾ ദിവ്യ ബലിയാൽ കഴുകപ്പെട്ടു പോയെന്നും പരലോകത്തെ ഭയക്കേണ്ടതില്ലെന്നും അങ്ങനെ ഒന്നുണ്ടെങ്കിൽ അവിടം ഇതിനേക്കാൾ മെച്ചമായിരിയ്ക്കുമെന്നും അവർ വാദിച്ചു. ഈ വിശ്വാസത്തെ എതിർത്തു കൊണ്ടു് സുഹൃത്തു സംസാരിച്ചു.

**9. ശിർക്കെന്ന കൃത്രിമ അത്താണി**

**അൽകഹ്ഫ് : 37**

قَالَ لَهُۥ صَاحِبُهُۥ وَهُوَ يُحَاوِرُهُۥٓ أَكَفَرْتَ بِٱلَّذِى خَلَقَكَ مِن تُرَابٍ ثُمَّ مِن نُّطْفَةٍ ثُمَّ سَوَّىٰكَ رَجُلًا

അവന്റെ കൂട്ടുകാരൻ ഇതിനെ എതിർത്തുകൊണ്ട് പറഞ്ഞു: ''നിന്നെ മണ്ണിൽനിന്നും പിന്നെ ബീജകണത്തിൽനിന്നും സൃഷ്ടിക്കുകയും അങ്ങനെ ഒരു പൂർണ്ണ മനുഷ്യനാക്കി രൂപപ്പെടുത്തുകയും ചെയ്ത നാഥനെയാണോ നീ തള്ളിപ്പറയുന്നത്?

**അൽകഹ്ഫ് : 38**

لَّٰكِنَّا۠ هُوَ ٱللَّهُ رَبِّى وَلَآ أُشْرِكُ بِرَبِّىٓ أَحَدًا

''എന്നാൽ അവനാണ്; അഥവാ അല്ലാഹുവാണ് എന്റെ നാഥൻ. ഞാൻ ആരെയും എന്റെ നാഥന്റെ പങ്കാളിയാക്കുകയില്ല.''

സ്രഷ്ടവായ അല്ലാഹുവിൽ അവിശ്വസിയ്ക്കുകയോ അവനെ തള്ളിപ്പറയുകയോ ചെയ്യുന്നതിലൂടെ സൃഷ്ടി പൂജ/ശിർക്കാണ് ചെയ്യുന്നതെന്ന് ഈ ആയത്തുകളിലൂടെ അല്ലാഹു സുബ്. പഠിപ്പിയ്ക്കുന്നു. ഭൗതിക സത്ത ആത്മീയ സത്തയ്ക്കുമേൽ / നഫ്സ്സിനു മേൽ ആധിപത്യം സ്ഥാപിയ്ക്കുമ്പോഴാണ് അതു് സംഭവിയ്ക്കുന്നത്. സൃഷ്ടിയോടുള്ള ആരാധനയും തേടലും ഭൗതിക സത്തയെ/

Islamic Epistemology Channel

മനസ്സിനെ ശക്തിപ്പെടുത്തും. മനസ്സ്/സദ്ർ നഫുസ്സിലെ ഹൃദയത്തെ/ ഖൽബിനെ അടിമപ്പെടുത്തും. വള്ളി അതു ചുറ്റിയ മരത്തെ കീഴടക്കി നശിപ്പിയ്ക്കുന്നതു പോലെ. ഭൗതിക സത്തയെന്ന വള്ളിയെ സംരക്ഷിയ്ക്കുവാൻ നിയോഗമുള്ള നഫ്സ്സെന്ന വൃക്ഷം ശുഷ്ക്കമായി അന്യവല്ക്കരിയ്ക്കപ്പെടും. നഫ്സ്സിന്റെ സ്ഥാനത്തു് മനസ്സ് ഊഹാപോഹങ്ങളുടെ അടിത്തറയിൽ നാശോന്മുഖമായ കൃത്രിമ പന്തലുണ്ടാക്കി അതിനെ അത്താണിയാക്കുന്നു. ഒരു വ്യക്തിയുടെ ആത്മാവിനെ നശിപ്പിയ്ക്കുന്ന മനുഷ്യ നിർമ്മിത അത്താണിയാണ് ആ ശിർക്കെന്ന പന്തൽ.

**10. അന്യ നഫുസ്സിനോടുള്ള തേടൽ- അതിരുവിട്ട ശിർക്ക്**

നേരായ മാർഗ്ഗം സ്വീകരിച്ച വ്യക്തിയെ നയിയ്ക്കുന്നതു് നഫുസ്സാണ്. അപ്പോൾ നഫുസ്സിന് ഭൗതിക സത്തയ്ക്കുമേൽ നിയന്ത്രണം ഉണ്ടാകും. അതിന്നായി മനസ്സ് സ്വന്തം അസ്തിത്വം തേടുന്ന വൃക്ഷവള്ളിപോലെ അഹന്ത വെടിഞ്ഞ് താണു കൊടുക്കണം. അപ്പോൾ അള്ളാഹു അവന്റെ നൂറു കൊണ്ടു നഫുസ്സിനെ നയിയ്ക്കും. ആ നൂറിന്റെ സ്രോതസ്സ് അവന്റെ ചൊല്പടിയിൽ മാത്രം വർത്തിയ്ക്കുന്ന റൂഹാണ്. അള്ളാഹു ഉദ്ദേശിയ്ക്കുന്ന മാത്രയിൽ അവന്റെ ദാസനു് റൂഹിലൂടെ നൂറു പകർന്നു കിട്ടുന്നു. അതു് ഹിദായത്തിന്റെ/ മാർഗ്ഗ ദർശനത്തിന്റെ അനവധി തലങ്ങളെ തുറന്നു കൊടുക്കുന്നു.

അള്ളാഹു പറഞ്ഞു അവനുദ്ദേശിയ്ക്കാത്തതൊന്നും തന്നെ ആരും ഉദ്ദേശിയ്ക്കുന്നില്ല. അവന്റെ ഉദ്ദേശ്യം ആത്മീയ ഉദ്ദേശ്യമാണ്, അതു് നഫുസ്സിനു റൂഹിലൂടെ ലഭിയ്ക്കുന്ന നൂറാണ്. നഫുസ്സിൽ നിന്നു പുറപ്പെടുന്ന റഹുമത്തിന്റെ നീരൊഴുക്കുകളിൽ/ ബാഹ്യജ്ഞാനത്തിൽ നന്മ തിന്മകളുടെ / ശരി തെറ്റുകളുടെ ഗുണ ദോഷ സമ്മിശ്രമായ സസ്യങ്ങൾ ഇടകലർന്നു വളരുന്നു. നൂറു നൽകുന്ന ആത്മീയ ദർശനം/ സൂക്ഷ്മ ജ്ഞാനം/ തഖുവ നന്മകളെ വളർത്തുന്നു, തിന്മകളെ ഇല്ലായ്മ ചെയ്യുന്നു. അതിനായി ഒറ്റയ്ക്കും കൂട്ടായും അള്ളാഹുവിനോടുള്ള പ്രാർത്ഥന നമസ്ക്കാരത്തിന്റെ അവിഭാജ്യ ഘടകമാണ്.

എന്നാൽ, ജീവിച്ചിരിയ്ക്കുന്നതോ മരണപ്പെട്ടതോ ആയ നഫുസ്സുകളോടുള്ള യാതൊരുവിധ തേടലും-അത് ഭൗതികമോ ആത്മീയമോ ആയിക്കൊള്ളട്ടെ- അതിരു വിട്ട ശിർക്കാണ്. കാരണം സ്വന്തമോ അന്യമോ ആയ റൂഹിന്മേലുള്ള നിയന്ത്രണാധികാരങ്ങൾ ഒരു നഫുസ്സുമായും അള്ളാഹു പങ്കു വെയ്ക്കുന്നില്ല. ഭൗതിക സത്തയുടെ ശിർക്ക് ഖൽബിനെ/നഫുസ്സിനെ കെട്ടതാക്കും. ആ നഫുസ്സുകൾ നൂറിനാൽ നയിയ്ക്കപ്പെടുകയില്ല. പകരമവർ ഊഹാപോഹങ്ങളെ ആശ്രയിയ്ക്കും. അവർക്കു അള്ളാഹുമയി സത്യത്തിലൂന്നിയ ആത്മീയ ബന്ധം അന്യമാവും.

Islamic Epistemology Channel

ബാഹ്യലോകത്തെ ജീവിത സന്ധാരണത്തിനാവശ്യമായ ഭൗതിക തല കൊടുക്കൽ വാങ്ങലുകളുമായി ബന്ധപ്പെട്ട തേടൽ ശിർക്കിന്റെ പരിധിയിൽ വരുന്നില്ല.

അള്ളാഹു പറഞ്ഞു: (നബിയേ,) പറയുക: "റൂഹ് എന്റെ നാഥന്റെ വരുതിയിലുള്ള കാര്യമാണ്". ഈ സാക്ഷ്യപ്പെടുത്തൽ, ആ നിയന്ത്രാണാധികാരം മുഹമ്മദു നബി(സ)യ്ക്കു പോലും നൽകിയിട്ടില്ലയെന്ന് വ്യക്തമാക്കാനാണ്. അള്ളാഹു പറഞ്ഞു, അള്ളാഹുവിന്റെ ദൂതന്മാർക്കു് അവന്റെ സന്ദേശമെത്തിയ്ക്കുന്ന കടമ മാത്രമേയുള്ളു. ഹിദായത്തു അവരുടെ കഴിവിൽ വരുന്നതല്ല; അത് അവന്റെ ഇച്ഛ പ്രകാരം മാത്രം സംഭവിയ്ക്കുന്നതാണ്.

**11.** ഖൽബിന്റെ തിളക്കം(ആയത്ത് അന്നൂർ)

റൂഹു് നൂറിന്റെ കിരണങ്ങളുതിർക്കുന്നതു് ഖൽബ് തിളങ്ങുമ്പോഴാണ്. ഖൽബ് തിളങ്ങുന്നതു് അള്ളാഹുവിന്റെ ആയാത്തുകൾ പാരായണം ചെയ്യുമ്പോഴാണ്. അതിൽ ഏറ്റവും ഖൈറായത് അള്ളാഹുവിന്റെ ഹഖുൽ യഖീനായ/ ആത്യന്തിക സത്യമായ ഖുർആനിന്റെ പാരായണമാണ്. അതിനാൽ ആരാധനയിൽ ഖുർആൻ ആയാത്തുകളുടെ പാരായണം അവശ്യം ആവശ്യമാണ്.

**12.** ഇരു ശരീരങ്ങളെ ഒന്നിപ്പിയ്ക്കുന്ന ആത്മീയ സൂക്തം
അൽകഹ്ഫ് : **39**

وَلَوْلَآ إِذْ دَخَلْتَ جَنَّتَكَ قُلْتَ مَا شَآءَ ٱللَّهُ لَا قُوَّةَ إِلَّا بِٱللَّهِ ۚ إِن تَرَنِ أَنَا۠ أَقَلَّ مِنكَ مَالًا وَوَلَدًا

''നീ നിന്റെ തോട്ടത്തിൽ പ്രവേശിച്ചപ്പോൾ നിനക്കിങ്ങനെ പറഞ്ഞുകൂടായിരുന്നോ: 'ഇത് അല്ലാഹു ഇച്ഛിച്ചതാണ്. അല്ലാഹുവെക്കൊണ്ടല്ലാതെ യാതൊരു ശക്തിയും സ്വാധീനവും ഇല്ല.' നിന്നെക്കാൾ സമ്പത്തും സന്താനങ്ങളും കുറഞ്ഞവനായി നീ എന്നെ കാണുന്നുവെങ്കിൽ;

ലൗകിക-അലൗകിക ജീവിതങ്ങളുടെ രണ്ടു തോട്ടങ്ങൾ അള്ളാഹു അയാൾക്ക് നൽകിയിരുന്നു. സത്യത്തിലൂന്നിയ ആത്മീയത വഴിനടത്തുന്ന ഭൗതിക ജീവിതമായിരുന്നു അയാളുടേതെങ്കിൽ അള്ളാഹു അയാൾക്ക് ഉദ്ദേശിച്ച് നൽകിയതിൽ നന്ദി പ്രകാശിപ്പിയ്ക്കുമായിരുന്നു. അപ്പോൾ, مَا شَآءَ ٱللَّهُ لَا قُوَّةَ إِلَّا بِٱللَّهِ എന്ന അന്തഃരംഗ പ്രസ്താവന ഇരു ലോകങ്ങളെ/ഇരുജീവിതങ്ങളെ/ഇരുസത്തകളെ ഒന്നിപ്പിയ്ക്കുന്നതാകുമായിരുന്നു. എന്നാൽ, അള്ളാഹുവിനെ തള്ളിക്കളഞ്ഞ അയാൾക്കിപ്പോഴുള്ളതു് തന്റെ ശക്തിയിലും സ്വാധീനത്തിലും മാത്രം വിശ്വസിയ്ക്കുന്ന അവയെ ആശ്രയിയ്ക്കുന്ന അഹങ്കാരത്തിന്റെ ഭൗതികലോകം മാത്രമാണ്.

Islamic Epistemology Channel

**13.** പണവും പദവിയുമില്ലാത്ത പാവം സുഹൃത്തു്

**രണ്ടു തോട്ടങ്ങളുള്ള ക്രൈസ്തവ പ്രതിനിധി അവരിലെ പ്രമാണിയായ ഭരണാധികാരിയെ കുറിയ്ക്കുന്നു. അയാളുടെ മേധാവിത്വ ബോധവും ദരിദ്ര കർഷകന്റെ പ്രത്യാശയും** 34 മുതലുള്ള **ആയത്തുകളിൽ കാണാം. അതിൽ ഇരുവരുടെയും ആദർശ നിലപാടുകളെ വെളിവാക്കുന്നു. ക്രൈസ്തവ പ്രമാണി തന്റെ സുഹൃത്തിനെ ഇകഴ്ത്തി കൊണ്ട് പറഞ്ഞു:**

**അൽകഹ്ഫ് :** 34

**أَنَا۠ أَكْثَرُ مِنكَ مَالًا وَأَعَزُّ نَفَرًا**

**'ഞാനാണ് നിന്നെക്കാൾ സമ്പത്തും സംഘബലവുമുള്ളവൻ.''**

**ഇകഴ്ത്തപ്പെട്ടയാൾ പറഞ്ഞു.**

**അൽകഹ്ഫ് :** 39

**إِن تَرَنِ أَنَا۠ أَقَلَّ مِنكَ مَالًا وَوَلَدًا**

**' നിന്നെക്കാൾ സമ്പത്തും സന്താനങ്ങളും കുറഞ്ഞവനായി നീ എന്നെ കാണുന്നുവെങ്കിൽ;**

**അൽകഹ്ഫ് :** 40

**فَعَسَىٰ رَبِّىٓ أَن يُؤْتِيَنِ خَيْرًا مِّن جَنَّتِكَ وَيُرْسِلَ عَلَيْهَا حُسْبَانًا مِّنَ ٱلسَّمَآءِ فَتُصْبِحَ صَعِيدًا زَلَقًا**

**''എന്റെ നാഥൻ എനിക്ക് നിന്റെ തോട്ടത്തെക്കാൾ നല്ലത് നൽകിയേക്കാം. നിന്റെ തോട്ടത്തിന്റെ നേരെ അവൻ മാനത്തുനിന്നു വല്ല വിപത്തുമയച്ചേക്കാം. അങ്ങനെ അത് തരിശ്ശായ ചതുപ്പുനിലമായേക്കാം.”**

**അൽകഹ്ഫ് :** 41

**أَوْ يُصْبِحَ مَآؤُهَا غَوْرًا فَلَن تَسْتَطِيعَ لَهُۥ طَلَبًا**

**''അല്ലെങ്കിൽ അതിലെ വെള്ളം പിന്നീടൊരിക്കലും നിനക്കു തിരിച്ചുകൊണ്ടുവരാനാവാത്ത വിധം വററിവരണ്ടെന്നും വരാം.''**

**മാനത്തു നിന്നു് വല്ല വിപത്തും വന്നാൽ നശിച്ചു പോകുന്ന തോട്ടമായി സമ്പന്നന്റെ തോട്ടത്തെ വിലയിരുത്തുന്നു. മാനമെന്ന നഫുസ്സിന്റെ പ്രാണവായു നൂറാണു്. അതിന്റെ കുറവ്/ആത്മീയ ക്ഷയം ഭൂമിയിൽ/ ഭൗതിക ശരീരത്തിൽ പ്രത്യാഘാതങ്ങൾ സൃഷ്ടിയ്ക്കും. റഹുമത്തിന്റെ ശുദ്ധജലത്തിന്റെ സ്ഥാനത്ത് ഉപ്പുവെള്ളം അതിക്രമിച്ചു കയറും.അതു് ധർമ്മനിഷ്ഠയെ നശിപ്പിയ്ക്കും. അവിടെ നന്മകളുടെ വിത്തുകൾ മുളയ്ക്കാതെ പോകും. അങ്ങനെ, ചതുപ്പു നിലമായി**

Islamic Epistemology Channel

ഐഹിക ജീവിതം അധഃപ്പതിയ്ക്കുന്നു. ശേഷം ഖൽബ്ബ് അടയുന്നതോടെ റഹുമത്തിന്റെ നീരൊഴുക്കു നിലച്ചു പോകുന്നു. ഭൂമിയെന്ന ഭൗതിക സത്ത ആത്മീയ നേട്ടങ്ങൾക്കു അപര്യാപ്തമായ ഊഷരഭൂമിയായി മാറും. അപ്രകാരം പ്രയോജന രഹിതമായി മാറാവുന്ന ലൗകിക തോട്ടമാണു് സമ്പന്നന്റേതു്.

എന്നാൽ അയാളുടെ സുഹൃത്തു് പ്രത്യാശിയ്ക്കുന്നതു് ആഖിറത്തിലെ ശാശ്വതമായ തോട്ടമാണു്. അതു് സാധിതമാക്കുന്നതു് സമ്പന്നമായ ആത്മീയ ലോകമാണു്. അതിനാൽ ലൗകിക തോട്ടത്തെ വിട്ടു കളഞ്ഞു്, ഒരൊറ്റ ആത്മീയ തോട്ടം/ ജന്നത് മാത്രമാണു് അള്ളാഹുവിൽ നിന്നു് കാംക്ഷിയ്ക്കുന്നതെന്നു് 40-)മത്തെ ആയത്തു് വ്യക്തമാക്കുന്നു. ആ അനന്ത അലൗകിക ലോകത്തിനു മാത്രമാണ്, ലൗകിക ജീവിതത്തെ ഉൾക്കൊള്ളാൻ കഴിയുന്നതു്, ഇരു സത്തകളെ ഒന്നിപ്പിച്ചൊന്നാക്കാൻ കഴിയുന്നതു്.

മുഹമ്മദു നബി(സ)യുടെ വീടിനുള്ളിൽ പ്രവേശിച്ച സഹാബിയും പിൽക്കാല ഖലീഫയുമായ ഉമർ ബിന് ഖത്താബ് (റ), റസൂൽ (സ)യുടെ ദരിദ്രാവസ്ഥ കണ്ടു കരഞ്ഞു പോയി. നിലത്തു് തഴപ്പായയിൽ കിടന്നതിന്റെ അടയാളം അവിടുത്തെ ദേഹത്തുണ്ടായിരുന്നു. ഒരു നേരത്തെ ഭക്ഷണത്തിനുള്ള വക പോലും അവിടെയുണ്ടായിരുന്നില്ല. ഉമർ(റ)ന്റെ സങ്കട കാരണം തിരക്കിയ റസൂൽ(സ)യോടു് അദ്ദേഹം പറഞ്ഞു, ഈ അവസ്ഥ കണ്ടു് ഞാനെങ്ങിനെ കരയാതിരിയ്ക്കും. റോമിലെയും പേർഷ്യയിലെയും ചക്രവർത്തിമാർ നീരുറവകളുള്ള ഫലസമൃദ്ധമായ ഉദ്യാനങ്ങളിൽ വിശ്രമിയ്ക്കുമ്പോൾ അള്ളാഹുവിന്റെ തിരു ദൂതരുടെ അവസ്ഥയിങ്ങനെ. റസൂൽ(സ) പറഞ്ഞു. “ഖത്താബിന്റെ മകനേ, അവ നമുക്കു് പരലോകത്തുണ്ടെന്നതു് നിന്നെ സന്തോഷിപ്പിയ്ക്കുന്നില്ലേ. അവർക്കാകട്ടെ അവ ഈ ലോകത്തേയ്ക്കുള്ളതാണു്”. ഉമർ(റ) പറഞ്ഞു, “തീർച്ചയായും”.

അളക്കാനാകാത്ത അതിരുകളുള്ള ശാശ്വതമായ സ്വർഗ്ഗത്തിന്റെ സത്യാവസ്ഥ കണ്ടറിഞ്ഞ നബി(സ)യെ ക്ഷണികമായ ഇഹലോകത്തെ സമ്പത്തും ആൾബലവും അധികാരവും അശേഷം മോഹിപ്പിയ്ക്കുന്നവയായിരുന്നില്ല. രണ്ടാളുകളുടെ ഉദാഹരണത്തിലെ, ഭൗതിക വിളവെടുപ്പിൽ താല്പര്യമില്ലാത്ത രണ്ടാമനായ ദരിദ്ര കർഷകന്റെ വാക്കുകൾ ആ വ്യക്തി മുഹമ്മദു നബി (സ)യാണെന്നു് വ്യക്തമാക്കുന്നു. അൽ കഹ്ഫിലെ 40-മത്തെ ആയത്തു് അതിനു പ്രത്യേകമായി സാക്ഷ്യം വഹിയ്ക്കുന്നു. സംഭാഷണത്തിൽ നിന്നു തന്നെ നബി(സ)യെ തിരിച്ചറിയാമെന്നതിനാൽ സുഹൃത്തിനെ വിശദീകരിയ്ക്കും പോലെ നബി(സ)യെ ഈ ഉദാഹരണത്തിൽ പരിചയപ്പെടുത്തുന്നില്ല. വരാനിരിയ്ക്കുന്ന ഇസ്ലാമിക ദർശനത്തിന്റെ വളർച്ചയും ക്രൈസ്തവ ദർശനത്തിന്റെ വരൾച്ചയും ഈ ആയത്തിൽ പ്രതിഫലിയ്ക്കുന്നു.

**14.** ഉദാഹരണത്തിൽ അന്തർലീനമായ പ്രവചനം

Islamic Epistemology Channel

അൽകഹ്ഫ് : 42

وَأُحِيطَ بِثَمَرِهِۦ فَأَصْبَحَ يُقَلِّبُ كَفَّيْهِ عَلَىٰ مَآ أَنفَقَ فِيهَا وَهِىَ خَاوِيَةٌ عَلَىٰ عُرُوشِهَا وَيَقُولُ يَٰلَيْتَنِى لَمْ أُشْرِكْ بِرَبِّىٓ أَحَدًا

അവസാനം അവന്റെ കായ്കനികൾ നാശത്തിനിരയായി. തോട്ടം പന്തലോടുകൂടി നിലംപൊത്തി. അതുകണ്ട് അയാൾ താനതിൽ ചെലവഴിച്ചതിന്റെ പേരിൽ ഖേദത്താൽ കൈമലർത്തി. അയാളിങ്ങനെ വിലപിച്ചു: ''ഞാനെന്റെ നാഥനിൽ ആരെയും പങ്ക് ചേർത്തില്ലായിരുന്നെങ്കിൽ എത്ര നന്നായേനേ.''

ക്രൈസ്തവ വക്താവ് ഈ ലോകത്തു തനിയ്ക്കുള്ള പ്രമാണിത്വത്തിലും അധികാര ശക്തിയിലും വിശ്വാസമർപ്പിച്ചു. അയാളുടെ ഭൗതിക സത്ത ആത്മീയ സത്തയെ കീഴ്പ്പെടുത്തി. അള്ളാഹുവിൽ നിന്നകന്നതോടെ അവനിൽ നിന്നുള്ള നന്മയുടെ സ്രോതസ്സുകൾ വറ്റി വരണ്ടു. കുഫുറിൽ അയാളുടെ ഖൽബടഞ്ഞു. അയാൾക്കു് ഇരു ലോകങ്ങളും നഷ്ടമായി. അയാൾ ലൗകിക തോട്ടത്തിൽ ചിലവഴിച്ച സമയവും ധനവും പ്രയോജനം ചെയ്തില്ല. ശിർക്കു് അയാളുടെ അദ്ധ്വാനത്തെ നിഷ്ഫലമാക്കി. അയാൾ ചെയ്ത സ്വാർത്ഥപരമായ നന്മകൾ വൃഥാവിലായി. ആഖിറത്തിലേയ്ക്കൊരു മുതൽ കൂട്ടും ഉണ്ടായില്ല. തന്റെ കർമ്മ പുസ്തകം കണ്ടു് അയാൾ വിലപിച്ചു, 'ഞാനെന്റെ നാഥനിൽ ആരെയും പങ്ക് ചേർത്തില്ലായിരുന്നെങ്കിൽ എത്ര നന്നായേനേ.''

നബി (സ)യുമായി സംവാദത്തിലേർപ്പെട്ട പ്രതാപിയായ സുഹൃത്തു് നബി(സ)യുടെ കാലത്തെ റോമ സാമ്രാജ്യവുമായി സമരസപ്പെട്ട ക്രൈസ്തവ സഭയെ പ്രതിനിധീകരിയ്ക്കുന്നു. ഈസ(അ) പഠിപ്പിച്ച അള്ളാഹുവിന്റെ മാർഗ്ഗ ദർശനത്തെ തള്ളി പകരം മനുഷ്യ നിർമ്മിത ദർശനം പിൻപറ്റിയ റോമ സാമ്രാജ്യത്തെയും അവരുടെ വിശ്വാസ സഭയെയും ഇഹത്തിലും പരത്തിലും ശിക്ഷിയ്ക്കുമെന്ന പ്രവചനമാണു് ഈ ഉദാഹരണത്തിൽ അള്ളാഹു സുബു. അന്തർലീനമാക്കിയിട്ടുള്ളതു്. ക്രൈസ്തവ ലോകങ്ങളെ ദീനുൽ ഇസ്ലാം അതിജയിയ്ക്കുമെന്ന സൂചനയാണു് 40-മത്തെ ആയത്തു നൽകുന്നതു്.

മുഹമ്മദു നബി(സ) ആഗ്രഹിച്ചത് ആഖിറമെന്ന അത്മീയ തോട്ടമാണ്. ആ ആഗ്രഹം അള്ളാഹു സുബു. നിറവേറ്റിക്കൊടുത്തു. ദീനാകുന്ന ആത്മീയ തോട്ടത്തിൽ അള്ളാഹുവിന്റെ മാർഗ്ഗ ദർശനം നബി(സ)യുടെ കാർമ്മികത്വത്തിൽ അവിടുത്തെ ഉമ്മത്തു് കണിശതയോടെ പിന്തുടർന്നു. ആ ആത്മീയ സേന, സംഘബലം കുറവായിരുന്നിട്ടു പോലും ദീനിന്റെ പൂർത്തീകരണത്തിന്റെ മൂന്നാം കൊല്ലം പടർന്നു

Islamic Epistemology Channel

പന്തലിച്ചു നിന്ന  റോമ സാമ്രാജ്യത്തെ വലിച്ചു താഴെയിട്ടു. ഭൂമുഖത്തുണ്ടായിരുന്ന ആത്മീയമായി ബലഹീനമായ ആ വൻ തോട്ടം പന്തലോടെ നിലംപൊത്തി. അപ്രകാരം **42** -മത്തെ ആയത്തിലെ പ്രവചനം സാക്ഷാത്കരിയ്ക്കപ്പെട്ടു. അതവർക്കെതിരെയുള്ള പരലോക   ശിക്ഷാ പ്രവചനത്തെ സ്ഥിരീകരിയ്ക്കുന്നതാണ്.

**15.** നബി(സ) ആവശ്യപ്പെട്ട ഏക തോട്ടം

നബി(സ), ഈ ലോകത്തിൽ  രാജ്യാധികാരം  ആഗ്രഹിച്ചില്ല. നബി(സ)യ്ക്കു് അവിടുന്നു് ആവശ്യപ്പെട്ടതു പോലെ ഒരൊറ്റ ജന്നത്തു്/ തോട്ടമാണു് അള്ളാഹു സുബു. നൽകിയതു്. ആ ദീനിൽ ഭൗതികതയും ആത്മീയതയും സമുന്വയിപ്പിച്ചിരിയ്ക്കുന്നു. അഥവ ആത്മീയതയിലധിഷ്ഠിതമായ ഭൗതിക ജീവിതമാണ് ആ ദീൻ. മറിച്ചു് അതു് ഭൗതികതയിലധിഷ്ഠിതമായ ആത്മീയതയാകുമ്പോൾ ശിർക്കായി മാറും.  അവിടുത്തെ ഉമ്മത്തിനു് അള്ളാഹു നൽകിയത് നീതിനിഷ്ഠമായ അവന്റെ  ആകാശത്തിനു കീഴിൽ  വൈവിധ്യമാർന്ന ഈമാനിന്റെ ജ്ഞാനഫലങ്ങളും തഖ്വയുടെ ഈന്തപ്പന തോപ്പും  ഇൽമിന്റെ ധാന്യവയലുകളും അവയ്ക്കിടയിലെ ബസ്റെന്ന ഉൾക്കാഴ്ചയുടെ സുഗന്ധവ്യഞ്ജന കൃഷിയുമാണ്. (സൂറ അർറഹിമാനിന്റെ വ്യാഖ്യാനം കാണുക). സർവ്വോപരി, അവൻ അനുഗ്രഹിച്ചവർക്ക് നൂറിന്മേൽ നൂറായ ജ്ഞാനാതീത വെളിച്ചവും. അതു കൊണ്ടു തന്നെ ഭൗതിക അധികാര നഷ്ടം ദീനിനെ ഉലച്ചില്ല. അള്ളാഹു ദീനിൽ നിന്നു് വ്യതിചലിച്ച സമൂഹങ്ങൾക്കു പകരമായി സ്വിറാത്തൽ മുസ്തഖീമിലേയ്ക്കു് പുതിയ ജനതയെ വഴി നടത്തുന്നു. ഇസ്ലാമിക സംസ്ക്കാരത്തിനു ഇടം തീരെ കുറവായ പാശ്ചാത്യ  രാജ്യങ്ങളിൽ ഇസ്ലാം അഭൂതപൂർവ്വമായ രീതിയിൽ  സ്വീകരിയ്ക്കപ്പെടുന്നതു് അള്ളാഹുവിന്റെ ഈ പ്രഖ്യാപനത്തെ സ്ഥിരീകരിയ്ക്കുന്നതാണു്. ആ ജനതയെ സംബന്ധിച്ച് അള്ളാഹു പറഞ്ഞു:

അൽകഹ്ഫ് : **88**

وَأَمَّا مَنْ ءَامَنَ وَعَمِلَ صَٰلِحًا فَلَهُۥ جَزَآءً ٱلْحُسْنَىٰ ۖ وَسَنَقُولُ لَهُۥ مِنْ أَمْرِنَا يُسْرًا

എന്നാൽ സത്യവിശ്വാസം സ്വീകരിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവന്ന് അത്യുത്തമമായ പ്രതിഫലമുണ്ട്. അവനു നാം നൽകുന്ന കൽപന ഏറെ എളുപ്പമുള്ളതായിരിക്കും.

**16.** ആത്മീയത നഷ്ടപ്പെട്ട ചതുപ്പു നിലം

Islamic Epistemology Channel

അള്ളാഹു മാനത്തുനിന്നിറക്കിയ വിപത്തു് അവരുടെ ആത്മീയ ലോകത്തെ ചതുപ്പു നിലമാക്കി മാറ്റി. പലതായി വിഭജിയ്ക്കപ്പെട്ട റോമൻ സഭ സെക്യുലറിസമെന്ന മത നിഷേധത്തിലേയ്ക്കും അവടെ നിന്നു് തീവ്ര ഭൗതികതയുടെ ലൈംഗിക അരാജകത്വത്തിലേയ്ക്കും എത്തി. ഭൗതിക സുഖഭോഗങ്ങളുടെ അനന്ത ഉപഭോഗ സാധ്യതകൾ തേടിയലയുന്ന ഈ അക്രമികളെ ഈസ(അ)യുടെ രണ്ടാം വരവിൽ ഉന്മൂലനം ചെയ്യും. അവരെ ആഖിറത്തിലും കടുത്ത ശിക്ഷ കാത്തിരിയ്ക്കുന്നു.

അൽകഹ്ഫ് : 87

قَالَ أَمَّا مَن ظَلَمَ فَسَوْفَ نُعَذِّبُهُۥ ثُمَّ يُرَدُّ إِلَىٰ رَبِّهِۦ فَيُعَذِّبُهُۥ عَذَابًا نُّكْرًا

ദുൽഖർനൈൻ പറഞ്ഞു: ''അക്രമം പ്രവർത്തിക്കുന്നവനെ നാം ശിക്ഷിക്കും. പിന്നീട് അവൻ തന്റെ നാഥനിലേക്ക് മടക്കപ്പെടും. അപ്പോൾ അവന്റെ നാഥൻ അവന് കൂടുതൽ കടുത്തശിക്ഷ നൽകും.''

**17.** വിനാശത്തെ അതിജയിച്ച വേറിട്ടൊരു ക്രൈസ്തവത

നബി(സ)യുടെ വരവിനു ശേഷവും തങ്ങളുടെ വിശ്വാസ പാരമ്പര്യം അതേപടി നിലനിർത്തി പോന്ന ഒരു ക്രൈസ്തവ വിഭാഗത്തെ വി. ഖുർആൻ പരിചയപ്പെടുത്തുന്നു. തങ്ങൾ ക്രിസ്ത്യാനികളാണെന്നു് അഭിമാനത്തോടെ ഉറക്കെ പ്രഖ്യാപിയ്ക്കുന്നവരാണ് ഈ കൂട്ടർ. അവർ റുബ്ബാനീയത്തിന്റെ / ആശ്രമ ജീവിതത്തിന്റെ വിനയവും പവിത്രതയും കാത്തു സൂക്ഷിയ്ക്കുന്നു. അവർക്ക് സാമ്രാജ്യത്വ മോഹങ്ങളില്ല. അവർ മുസ്ലീങ്ങളോടു് അടുപ്പം പുലർത്തുവാൻ ആഗ്രഹിയ്ക്കുന്നവരുമാണ്. വിശ്വാസത്തിലെ ആത്മാർത്ഥതയും അഹങ്കാരമില്ലായ്മയും ഇവരുടെ ശിർക്കിനെ ലഘൂകരിയിക്കുന്നു.

പരാമർശിത ഉദാഹരണത്തിലെ ഹതഭാഗ്യനായ ക്രൈസ്തവ സുഹൃത്തിനു നൽകിയതു പോലെ ഫലസമൃദ്ധമായ രണ്ടു തോട്ടങ്ങൾ ഇവർക്കും നൽകപ്പെട്ടുവെങ്കിലും അതു് അവരെ ദാർഷ്ട്യമുള്ളവരാക്കിയില്ല. അതിനാൽ ഇവരുടെ ഭൂമികയിൽ റഹുമത്തിന്റെ നീരൊഴുക്കിനെ അള്ളാഹു സുബ്ഹ്. തടഞ്ഞില്ല. അത് നിർബ്ബാധം നടന്നു കൊണ്ടിരിയ്ക്കുന്നു. എന്നാൽ, നൂറിന്റെ അഭാവം മൂലം ശരി തെറ്റുകളെ വിവേചിയ്ക്കുന്ന ഹിക്മത്തെന്ന വിവേചന ബുദ്ധി അവർക്ക് അന്യമാണ്. ഏങ്കിൽപോലും അള്ളാഹുവിന്റെ റഹുമത്ത് ഇരു ലോകങ്ങളിൽനിന്നുമവർക്ക് ആത്മീയതയോടടുക്കുന്ന ഭൗതിക നേട്ടങ്ങളുണ്ടാക്കുന്നു.

അവരെ സംബന്ധിച്ച് വിധിദിനത്തിൽ ഈസ(അ) ചോദ്യം ചെയ്യപ്പെടുമെന്ന് വി.ഖുർആൻ വെളിപ്പെടുത്തുന്നു. അപ്പോൾ ഈസ(അ) നൽകുന്ന

Islamic Epistemology Channel

സാക്ഷ്യപ്പെടുത്തൽ സൂറ അൽമായിദയിൽ **116** മുതലുള്ള മൂന്നു ആയത്തുകളിലായി രേഖപ്പെടുത്തിയിരിസ്ക്കുന്നു. അക്രമികളായ ആദ്യ കൂട്ടർക്കെതിരെ ഇഹലോകത്തിലും പരലോകത്തിലും ശിക്ഷ അർഹിയ്ക്കുന്നവരാണെന്ന് ദുൽഖർനൈനെന്ന്  ഈസ(അ) ശിപാർശ ചെയ്യുന്നുവെങ്കിൽ   ഇവർക്കായി  നബി(അ) ഇപ്രകാരം അള്ളാഹുവിനോടു് പ്രാർത്ഥിയ്ക്കുന്നതായി കാണാം.

**അൽമാഇദ : 118**

**إِن تُعَذِّبْهُمْ فَإِنَّهُمْ عِبَادُكَ ۖ وَإِن تَغْفِرْ لَهُمْ فَإِنَّكَ أَنتَ ٱلْعَزِيزُ ٱلْحَكِيمُ**

''നീ അവരെ ശിക്ഷിക്കുന്നുവെങ്കിൽ തീർച്ചയായും അവർ നിന്റെ അടിമകൾ തന്നെയല്ലോ. നീ അവർക്ക് മാപ്പേകുന്നുവെങ്കിലോ, നീ തന്നെയാണല്ലോ പ്രതാപവാനും യുക്തിമാനും.''

അള്ളാഹു അ’ലം

Islamic Epistemology Channel